"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കില - ശ്രീ. റ്റി.എ. സന്തോഷ്, ഖലാസി ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത W.P.(C)No.16952/2013 കേസിലെ 14.08.2018-ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.ബി.) വകുപ്പ്**

G.O.(Ms) No.75/2020/LSGD തീയതി,തിരുവനന്തപുരം, 13/05/2020

---

പരാമർശം:- 1 23.11.2012-ലെ 31522/IB2/2011/LSGD നമ്പർ കത്ത്.

2 16.03.2013-ലെ 77063/IB2/2012/LSGD നമ്പർ കത്ത്.

3 W.P.(C) No.16952/2013 കേസിലെ ബഹു.ഹൈക്കോടതിയുടെ 14.08.2018-ലെ വിധിന്യായം

**<u>ഉത്തരവ്</u>**

കിലയിൽ ഖലാസിയായി ജോലി ചെയ്യുന്ന ശ്രീ. റ്റി.എ.സന്തോഷ് 04.10.2000 മുതൽ 03.10.2005 വരെ ശൂന്യവേതനാവധിയെടുത്ത് തദ്ദേശ സ്വയംഭരണ സ്ഥാപന തെരഞ്ഞെടുപ്പിൽ മത്സരിക്കുകയും പറപ്പൂക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട് തുടരുകയും ചെയ്ത കാലയളവ് കൂടി കണക്കിലെടുത്ത് ടിയാൾക്ക് ഇൻക്രിമെന്റും ഹയർ ഗ്രേഡും അനുവദിച്ചത് സാധൂകരിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ പരാമർശം (1), (2) കത്തുകൾ പ്രകാരം സർക്കാർ നിരസിച്ചിരുന്നു. ഇതിനെതിരായി ടിയാൻ ബഹു.ഹൈക്കോടതിയിൽ W.P.(C)No.16952/2013 ഫയൽ ചെയ്യുകയും ബഹു.ഹൈക്കോടതി പരാമർശം (3) വിധിന്യായ പ്രകാരം ടി കത്തുകൾ റദ്ദാക്കുകയും ടിയാന്റെ ഇപ്പോഴത്തെ ശാരീരികവും മാനസികവുമായ അവസ്ഥ പരിഗണിച്ചും സാമ്പത്തിക സ്ഥിതി കണക്കിലെടുത്തും തുക തിരിച്ചു പിടിക്കുന്ന വിഷയം പുനഃപരിശോധിക്കുന്നത് സർക്കാരിന്റെ സ്വാതന്ത്ര്യത്തിന് വിട്ടുകൊണ്ട് പരാമർശം (3) പ്രകാരം ഉത്തരവാകുകയും ചെയ്തിരുന്നു.

(2) പരാമർശം (3)-ലെ വിധിന്യായം പ്രകാരം ഹർജിക്കാരനെയും കിലയിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥനെയും നേരിൽ കേൾക്കുകയും വിഷയം വിശദമായി പരിശോധിക്കുകയും ചെയ്തു. കിലയുടെ സർവീസ് ബൈലായിലെ അധ്യായം V, ചട്ടം 23-ൽ രോഗത്തെ തുടർന്നോ ജീവനക്കാരന്റെ നിയന്ത്രണത്തിന് അതീതമായ സാഹചര്യങ്ങളാലോ എടുക്കേണ്ടി വരുന്ന extra ordinary leave മാത്രമേ ഇൻക്രിമെന്റിന് പരിഗണിക്കാൻ കഴിയൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. അതിനാൽ, ശ്രീ. റ്റി.എ.സന്തോഷ് 04.10.2000 മുതൽ 03.10.2005 വരെ ശൂന്യവേതനാവധിയെടുത്ത് പറപ്പൂക്കര ഗ്രാമപഞ്ചായത്തു പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട് തുടർന്ന കാലയളവ് കണക്കിലെടുത്ത് ഇൻക്രിമെന്റും ഹയർ ഗ്രേഡും അനുവദിച്ച നടപടി സാധൂകരിക്കാനാവില്ല.

(3) ശ്രീ. റ്റി.എ. സന്തോഷ്, ഖലാസി, കില ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത W.P.(C).No.16952/2013 കേസിലെ പരാമർശം (3) വിധിന്യായം മേല്പറഞ്ഞ പ്രകാരം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MINI MOL D
JOINT SECRETARY

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖക്കത്ത് സഹിതം)
ഡയറക്ടർ ജനറൽ, കില, തൃശ്ശൂർ.
ശ്രീ. റ്റി.എ.സന്തോഷ്, ഖലാസി, കില (ഡയറക്ടർ ജനറൽ, കില മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ./ ഇ& ആർ.എസ്.എ.), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.&ഇ.), കേരളാ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ